പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1834 10.03.2020 ൽ മറുപടിക്ക്

## കുടുംബാരോഗ്യകേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെ എത്ര പി.എച്ച്.സികളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ചിട്ടുള്ളത്; കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും, ആയതിൽ പ്രളയബാധിതമായ രണ്ടെണ്ണം ഉൾപ്പെടെ 162 എണ്ണത്തിന്റെ പണികൾ പൂർത്തീകരിക്കുകയും, 160 എണ്ണം കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. അടിസ്ഥാന സൗകര്യക്കുറവുള്ള മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 504 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുത്തു, ആയതിൽ 107 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 200 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. മറ്റ് സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും, ഡി.പി.ആർ തയ്യാറാക്കലും, തുടർ പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ-170, സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-340,ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II-170, ഫാർമസിസ്റ്റ് -150 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 400 അസിസ്റ്റന്റ് സർജൻ, 400 സ്റ്റാഫ് നഴ്സ്, 200 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് മൊത്തം എത്ര പി.എച്ച്.സികളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | രണ്ട് ഘട്ടങ്ങളിലായി ആർദ്രം പദ്ധതി പ്രകാരം 674 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ എൻ.എച്ച്.എം ന്റെ PIP ൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തന സമയം പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തന സമയം തിങ്കൾ മുതൽ ശനി വരെ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെയും 1.30 മുതൽ 6 മണി വരെയും, ഞായറാഴ്ച രാവിലെ 9 മണി മുതൽ 1.30 വരെയുമായി പുനഃക്രമീകരിച്ചിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ